**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## പത്രക്കുറിപ്പ്

### പി.ജി ആയുർവേദ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2021 നിലവിലുള്ള ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

2021–22 അധ്യയന വർഷത്തെ പി.ജി ആയുർവേദ കോഴ്സുകളിൽ മോപ് അപ് അലോട്ട്മെന്റിനുശേഷമുള്ള ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി അതത് കോളേജുകൾ നികത്തുന്നതാണ്. പി.ജി ആയുർവേദ (ഡിഗ്രി/ഡിപ്ലോമ) കോഴ്സിലെ അവസാനഘട്ട കൗൺസിലിംഗിനായി നൽകിയ ഓപ്ഷനുകൾ അടിസ്ഥാനമാക്കി പ്രവേശനത്തിന് പങ്കെടുക്കാൻ യോഗ്യരായ വിദ്യാർത്ഥികളുടെ പട്ടിക ലഭ്യമായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ താത്പര്യമുള്ള പക്ഷം **26.03.2022 മുതൽ 30.03.2022 ഉച്ചയ്ക്ക് 2.00** മണിയ്ക്കകം അതാത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടുക്കാവുന്നതാണ്. വിദ്യർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് 11.2 (XI) പ്രകാരമുള്ള അസൽ രേഖകൾ സഹിതം കോളേജ് അധികാരിക്ക് മുന്നിൽ ഹാജരായി മുഴുവൻ ഫീസും കോളേജിൽ അടയ്ക്കേണ്ടതാണ്. **26.03.2022 മുതൽ 30.03.2022 ഉച്ചയ്ക്ക് 2.00** മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാർഗ്ഗ നിർദ്ദേശപ്രകാരം പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പാലിച്ച് നിലവിലെ ഒഴിവുകളിലേയ്ക്ക്പരിഗണിച്ച് പ്രവേശനം പൂർത്തിയാക്കാവുന്നതാണ്.

**30.03.2022** – ന് ശേഷവും ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള പി.ജി ആയുർവേദ (ഡിഗ്രി/ഡിപ്ലോമ) 2021 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതും, അഡ്മിഷൻ നേടിയിട്ടില്ലാത്തതുമായ യോഗ്യരായ വിദ്യാർത്ഥികൾക്ക് ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് **31.03.2022 ഉച്ചയ്ക്ക് 2.00 മണി** വരെപ്രവേശന നടപടികളിൽ പങ്കെടുക്കാവുന്നതാണ്. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.26 16:31:30 IST
Reason: Approved

തിരുവനന്തപുരം
**26/03/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**